വർഗ്ഗീയവിദ്വേഷ സംഭവങ്ങൾ

*ക ൦ ൨ ൦. (൩൩) ശ്രീ. പി. ഗോപാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഈ സംസ്ഥാനത്തുനിന്നും പുറപ്പെടുന്ന "ചിത്രോദയം" "നേതാജി" "പ്രബോധിനി" എന്നീ പ്രതിവാര പത്രങ്ങളിൽ സമുദായ വിദ്വേഷം ഉളവാക്കുന്നതും അശ്ലീലമായ ഭാഷയിൽ വ്യക്തികളെ നിന്ദ്യപണം ചെയ്യുന്നതുമായ ധാരാളം ലേഖനങ്ങൾ അടങ്ങിയിരിക്കുന്നതായി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനെ എന്തു നടപടി നടത്തി?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ-യും, ബി-യും) ആ പത്രങ്ങളുടെ ചില പ്രതികളിൽ ആക്ഷേപകരമായ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്നവയെ ഗവൺമെണ്ടിലേക്ക് കണ്ടുകെട്ടുകയും പത്രങ്ങളുടെ പ്രസിദ്ധീകരണം നിരോധിക്കുകയും ചെയ്തിട്ടുണ്ട്.

ചവറ മണ്ണുകമ്പനി

*ക ൦ ൨ ക. (൩൪) സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ചവറ മണ്ണുകമ്പനിയിലെ വക്കുകൾ കൺട്രാക്ട് കൊടുക്കുന്നത് ഏതടിസ്ഥാനത്തിലാണ്; പഴയ കൺട്രാക്ടർമാർക്കോ, അധികൃതർക്ക് ഇഷ്ടമുള്ള വ്യക്തികൾക്കോ എന്നു പറയാമോ;

(ബി) മറ്റു വക്കുകൾ പോലെ ടെൻഡർ വിളിച്ച് മണ്ണുകമ്പനിയിലെ വർക്കുകൾ കൺട്രാക്ട് കൊടുക്കുന്നതിനു വിചാരിക്കുന്നുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) പുതുതായുള്ള കൺട്രാക്ട് ടെൻഡർ വിളിച്ചിട്ടാണ് കൊടുത്തത്.

(ബി) എല്ലാജോലിയും ടെൻഡർ വിളിച്ച് കൺട്രാക്ട് കൊടുക്കുന്നതിനു ഉത്തരവായിട്ടുണ്ട്.

FOODGRAINS

***1022. [35] Sri. Eapen Arakal:** Will the Hon'ble the Chief Minister be pleased to state:

(*a*) what was the quantity of rice and other foodgrains allotted to this State by the Central Government in 1950;

(*b*) how much of the allotment has actually been received by the State;

(*c*) if the whole allotment has not been obtained here, will we be getting the deficit in the course of this year besides this year's (1951) quota;

(*d*) with how much rice or paddy can the rationing at the present rates be hoped to continue this year; and

(*e*) do the Government think it necessary to cut down the rice ration obtaining at present in the State?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) 3,00,000 tons.

(*b*) The quantity actually supplied against the 1950 quota amounted to 3,04,709 tons. Out of this a quantity of 2,96,600 tons was received in 1950 itself and the balance in January 1951.

(*c*) In view of the answer to (*b*) this does not arise.

(*d*) 4,50,000 tons foodgrains.

(*e*) Not at present.

LIBRARY ARCHIVES Kerala Legislative Assembly